"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ വർക്കല താലൂക്കിലെ ചെമ്മരുതി വില്ലേജാഫീസ് പ്രവർത്തിച്ചു വന്നിരുന്ന കെട്ടിടത്തിന് സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.9/2025/RD തീയതി,തിരുവനന്തപുരം, 02-01-2025

---

പരാമർശം:-

1. 07.08.2017 തീയതിയിലെ സ.ഉ.(പി)നം.102/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 10.01.2022 തീയതിയിലെ സ.ഉ.(എം.എസ്)നം.1/2022/പൊമവ നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 24.11.2024 തീയതിയിലെ എൽആർ/299/2024-എൽആർ(ജി7) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ വർക്കല താലൂക്കിലെ ചെമ്മരുതി വില്ലേജാഫീസ് റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതി പ്രകാരം സ്മാർട്ട് വില്ലേജ് കെട്ടിടനിർമ്മാണത്തിനായി തെരഞ്ഞെടുക്കപ്പെട്ടതിനാൽ 29/06/2021 മുതൽ 12/01/2024 വരെ ശ്രീ.വിനോദ് കുമാർ, S/o കമലാസനൻ ചെട്ടിയാർ, പഞ്ചമി, പനയറ എന്നവരുടെ ഉടമസ്ഥതയിലുള്ളതും ചെമ്മരുതി വില്ലേജിൽ ബ്ലോക്ക് നമ്പർ 21 ൽ റീസർവ്വെ നമ്പർ 320/8 ൽ ഉൾപ്പെട്ടതുമായ ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ 9/479 എന്ന നമ്പറിലുള്ളതുമായ കെട്ടിടത്തിൽ പ്രവർത്തിച്ചു വന്നിരുന്നു.

2] പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ അനുവദനീയമായ കാർപ്പെറ്റ് ഏരിയയായ 25.27 ച.മീ. ന് ആനുപാതികമായി 2,702/- രൂപയും കെട്ടിടത്തിന്റെ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 45.43 ച.മീ ന് ആനുപാതികമായി 4,855/- രൂപയുമാണ് വാടകയായി നിശ്ചയിച്ചിട്ടുള്ളത്. വില്ലേജ് ജീവനക്കാർക്ക് ഉപയോഗിക്കുന്നതിന് പുറമെ പൊതുജന സൗഹൃദമെന്ന രീതിയിൽ ജനങ്ങൾക്ക് ഇടപഴകുന്നതിനുള്ള സൗകര്യവും ഉള്ള രീതിയിലാണ് വില്ലേജാഫീസുകൾ പ്രവർത്തിച്ചു വരുന്നത്. പി.ഡബ്ല്യൂ.ഡി. റോഡിനോട് ചേർന്ന് വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്താണ് ചെമ്മരുതി വില്ലേജ് ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. അനുവദനീയമായ കാർപ്പറ്റ് ഏരിയയിൽ നിജപ്പെടുത്തി ചെമ്മരുതി പോലുള്ള തിരക്കേറിയ വില്ലേജിന്റെ പ്രവർത്തനം ബുദ്ധിമുട്ടേറിയതിനാലും വില്ലേജാഫീസിലെ ഭൂരേഖാ രജിസ്റ്ററുകളും മറ്റ് രേഖകളും സുരക്ഷിതമായി സൂക്ഷിക്കുന്നതിന് റിക്കാർഡ് റൂം, പൊതുജനങ്ങൾക്കുള്ള വെയിറ്റിംഗ് റൂം എന്നിവ കൂടി ഉൾപ്പെടുത്തിയുള്ള വില്ലേജാഫീസ് പ്രവർത്തനത്തിനായി ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 45.43 ച.മീ. ആവശ്യമായി വരുന്നതായും ആയതിനാൽ വർക്കല താലൂക്കിലെ ചെമ്മരുതി വില്ലേജാഫീസ് പ്രവർത്തിച്ചു

വന്നിരുന്ന കെട്ടിടത്തിന്റെ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയ്ക്ക് അനുസൃതമായ 4,855/- രൂപ വാടകയായി നിർണ്ണയിച്ച് നൽകണമെന്ന് റെന്റ് സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും സഹിതം, ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിലെ ചെമ്മരുതി വില്ലേജാഫീസ് 29/06/2021 മുതൽ 12/01/2024 വരെ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന് ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 45.43 ച.മീ. ന് ആനുപാതികമായി 4,855/- (നാലായിരത്തി എണ്ണൂറ്റി അൻപത്തി അഞ്ചു രൂപ മാത്രം) സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി ആർ ജയപാൽ

അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

പൊതുമരാമത്ത് വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pushpavally B
Date: 03-01-2025 15:56:02

സെക്ഷൻ ഓഫീസർ